# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485
വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്
തിരുവനന്തപുരം -1

പ്രസിഡന്റ് — ജനറൽ സെക്രട്ടറി
കെ.പി.ധനപാലൻ Ex.MP — സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
16.04.2015

നമ്പർ. 5/2015

## സർക്കുലർ

സുഹൃത്തേ,

2015 ഏപ്രിൽ 9 ന് എറണാകുളം കെ.കെ.ഇന്റർനാഷണൽ ഓഡിറ്റോറിയത്തിൽവച്ച് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് കൗൺസിൽ ചേർന്നു. 165 കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. റഫറണ്ടത്തിൽ കൂടുതൽ വോട്ട് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യണമെന്നും ഇനിയുള്ള നാളുകൾ റഫറണ്ടത്തിനുവേണ്ടി മാത്രം വിനിയോഗിക്കണമെന്നും റഫറണ്ടം പ്രഖ്യാപിച്ച തിനുശേഷം എല്ലാ ഭാരവാഹികളും ലീവ് എടുത്ത് പ്രവർത്തിക്കണമെന്നും പ്രസിഡന്റ് നിർദ്ദേശിച്ചു. റഫറണ്ടത്തിൽ കൂടുതൽ വോട്ട് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യണമെന്ന് വനിതാവേദി പ്രസിഡന്റ് ലതികാ സുഭാഷ് നിർദ്ദേശിച്ചു. ട്രഷറർ വി.ഗോപകുമാർ സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി മിനിറ്റ്സും റിപ്പോർട്ടും അവതരിപ്പിച്ചു. 31.7.2014 വരെയുള്ള കണക്ക് അവതരിപ്പിച്ചത് കൗൺസിൽ അംഗീകരിച്ചു.

വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് ചന്ദ്രശേഖരൻ, സി.വി.അജിത്കുമാർ, ഗിരീഷ്കുമാർ, ജംഹർ, നൂറുദ്ദീൻ, കൃഷ്ണമൂർത്തി, ഉസ്മാൻ, സുരേഷ്, റോയി, സുനിൽ പാല, ശശികുമാർ, നിസ്സാറുദ്ദീൻ, വീരേന്ദ്ര കുമാർ, ആർ.അജിത്കുമാർ, ഷൺമുഖൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പെൻഷൻ പ്രായം 58 ആക്കണമെന്ന് നിർദ്ദേശം വന്നു. ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും റഫറണ്ടത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

### വർക്കിംഗ് ഫണ്ട്

OA, Cashier, Sweeper തസ്തികകളിൽ ജോലി ചെയ്യുന്ന കോൺഫെഡറേഷൻ അംഗങ്ങളിൽ നിന്നും 250 രൂപയും ബാക്കിയുള്ള അംഗങ്ങളിൽനിന്നും 400 രൂപയും ആയി പ്രവർത്തനഫണ്ട് സ്വരൂപിക്കുവാൻ തീരുമാനിച്ചു. ഇതിനുവേണ്ടി കൂപ്പണുകൾ സംസ്ഥാനക്കമ്മിറ്റി ഉടൻ എല്ലാ ഡിവിഷനുകളിലും എത്തിക്കും. ഫണ്ടിന്റെ 50% സംസ്ഥാനക്കമ്മിറ്റിക്ക് എത്തിക്കണം. ഫണ്ട് കളക്ഷനുശേഷം ബാക്കിവരുന്ന കൂപ്പണുകൾ സംസ്ഥാനക്കമ്മിറ്റി ഓഫീസിൽ തിരിച്ചെത്തിക്കേണ്ട താണ്. പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ സംസ്ഥാനകമ്മിറ്റി അതാതു ഡിവിഷനുകളിൽ എത്തിക്കുന്നതാണ്.

### ലഘുലേഖകൾ

UDF കാലത്തെ നേട്ടങ്ങളെക്കുറിച്ചും നമ്മുടെ കമ്പനിവൽക്കരണ നിലപാടുകളെ സംബന്ധിച്ചും ഇടതുപക്ഷ യൂണിയനുകൾ ചെയ്ത തൊഴിലാളി ദ്രോഹങ്ങളെ ജീവനക്കാരുടെ ഇടയിൽ എത്തിക്കാനുമുള്ള ലഘുലേഖകൾ വിതരണം ചെയ്യണമെന്ന് തീരുമാനിച്ചു.

### പതാക

എല്ലാ ഓഫീസുകളിലും കോൺഫെഡറേഷന്റെ കൊടിമരത്തിൽ പുതിയ പതാക ഉയർത്തണം. കൊടിമരം ഇല്ലാത്ത സെക്ഷനുകളിലും അത് സ്ഥാപിക്കണം.

### വാഹന പ്രചരണ ജാഥ

റഫറണ്ടം പ്രഖ്യാപിച്ചതിനുശേഷം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഹന പ്രചരണ ജാഥ നടത്തണം. ജാഥയിൽ സംസാരിക്കേണ്ടുന്ന വിഷയങ്ങൾ കേന്ദ്ര നേതൃത്വവുമായി ബന്ധപ്പെട്ട് തീരുമാനിക്കണം.

## കമ്മിറ്റികൾ

എല്ലാ ഡിവിഷനുകളിലും ഡിവിഷൻ കമ്മിറ്റികൾ ചേരണം. സബ്ഡിവിഷൻ തലത്തിൽ യോഗം ചേർന്ന് സബ് ഡിവിഷൻ കമ്മിറ്റികൾ രൂപീകരിക്കണം. ഒരു സബ് ഡിവിഷൻ കമ്മിറ്റിയിൽ സബ് ഡിവിഷന്റെ ഏരിയായിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകൾ സബ് സ്റ്റേഷനുകൾ സിവിൽ ഓഫീസ്, ജനറേറ്റിംഗ് ഓഫീസ് എന്നിവയിലെ മെമ്പർമാർക്ക് പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ് ഡിവിഷൻ സമ്മേളനം/ജനറൽ ബോഡി എല്ലാ ഡിവിഷനുകളിലും നടത്തുവാൻ തീരുമാനിച്ചു. സബ് ഡിവിഷൻതല കമ്മിറ്റിയിൽ എല്ലാ സെക്ഷന്റെയും പ്രാതിനിധ്യം ഉണ്ടായിരിക്കണം. സബ് ഡിവിഷൻ കമ്മിറ്റിയിലെ ചെയർമാൻ, കൺവീനർ എന്നിവരുടെ പേര്, ഫോൺ നമ്പർ തുടങ്ങിയവ ഉടൻ അറിയിക്കണം.

സെക്ഷൻ ഭാരവാഹികളുടെ (സെക്ഷൻ കൺവീനേഴ്സിന്റെയും ജോയിന്റ് കൺവീനേഴ്സിന്റേയും) പേര്, ഫോൺ നമ്പർ ഇവ കേന്ദ്ര കമ്മിറ്റി ഓഫീസിൽ എത്തിക്കണം. ഒരു ഡിവിഷന്റെ കീഴിലുള്ള ഇലക്ട്രിക്കൽ സെക്ഷൻ, സബ് സ്റ്റേഷൻ, സിവിൽ ഓഫീസ്, ജനറേറ്റിംഗ് ഓഫീസ് തുടങ്ങിയവയുടെ മേൽനോട്ടം ഡിവിഷൻ പ്രസിഡന്റ്, സെക്രട്ടറി, വർക്കിംഗ് പ്രസിഡന്റ്, തുടങ്ങിയവർ വിഭജിച്ച് എടുത്ത് പ്രവർത്തനങ്ങൾ നടത്തണം. എല്ലാ സെക്ഷൻ യോഗങ്ങളും ഉടൻ നടത്താൻ തീരുമാനിച്ചു. ഡിവിഷൻ പ്രസിഡന്റ്, സെക്രട്ടറി, നേരിട്ട് സെക്ഷനുകളുടെ ചുമതലയുള്ള കൺവീനേഴ്സിനെ എല്ലാ കാര്യങ്ങളും അറിയിക്കണം. സംഘടന കൂടുതൽ ശക്തമാക്കുന്നതിലേക്കായി വിവിധ ജില്ലകളുടെ ചാർജുകൾ താഴെപ്പറയുന്ന ഭാരവാഹികളെ ഏൽപ്പിച്ചു.

| | | | |
|---|---|---|---|
| വി.ഗോപകുമാർ | - തിരുവനന്തപുരം | സണ്ണി കൊട്ടാരക്കര | - കൊല്ലം |
| സി.വി.രാധാകൃഷ്ണൻ | - ആലപ്പുഴ | എ.രവീന്ദ്രൻ | - പത്തനംതിട്ട |
| എം.വി. മനോജ് | - കോട്ടയം | സിബിക്കുട്ടി ഫ്രാൻസിസ് | - ഇടുക്കി |
| കെ.എ.സഹദേവൻ | - എറണാകുളം | എ.ഷാജി | - തൃശ്ശൂർ |
| സതീഷ്കുമാർ | - പാലക്കാട് | നൂറുദ്ദീൻ | - മലപ്പുറം |
| കെ.സി.രാജൻ | - കോഴിക്കോട് | ഷൺമുഖൻ | - വയനാട് |
| അജിത് കുമാർ | - കണ്ണൂർ | ഷാഹുൽ ഹമീദ് | - കാസറഗോഡ് |

## വിദ്യുത് തരംഗം

അഡ്രസ്സ് DTP എടുത്ത് കേന്ദ്രക്കമ്മിറ്റി ഓഫീസിൽ എത്തിക്കണം. (By E-mail) (Excel file) സബ്സ്ക്രിപ്ഷൻ തുക A/C No.40002010050952, Syndicate Bank, Statue Branch, Trivandrum, (IFSC No. SYNB0004000) സിബിക്കുട്ടി ഫ്രാൻസിസ് & എം.വി.മനോജ് എന്ന ബാങ്ക് അക്കൗണ്ടിൽ അടയ്ക്കണം. വിദ്യുത് തരംഗത്തിന്റെ മുൻകാലങ്ങളിലെ കുടിശ്ശികയായ 207000 രൂപ പ്രസ്സിൽ കൊടുക്കണമെന്ന് ജനറൽ സെക്രട്ടറി നിർദ്ദേശിച്ചു. നിർദ്ദേശം യോഗം അംഗീകരിച്ചു. ഇതു പ്രകാരം അക്ഷരാ പ്രസ്സ് മാനേജുമെന്റുമായി ചർച്ച ചെയ്ത് കുടിശ്ശിക കുറവ് ചെയ്യിച്ച് 190000 രൂപ 13.4.2015 ന് പ്രസ്സിൽ കൊടുത്തു.

## അനാലിസിസ് ഫോം

റഫറണ്ടത്തിനുവേണ്ടി ശേഖരിച്ച വിവരങ്ങളടങ്ങുന്ന ഫോം പൂരിപ്പിച്ച് നിർബന്ധമായും ഉടൻ അയച്ചുതരണം. റഫറത്തിനുവേണ്ടിയുള്ള തുടർ പ്രവർത്തനത്തിന് ഇത് അത്യന്താപേക്ഷിതമാണ്. അനാലിസിസ് ഫോം 10 ദിവസത്തിനകം എത്തിക്കുവാൻ കൗൺസിൽ നിർദ്ദേശിച്ചു.

## ഐഡന്റിറ്റി കാർഡ് ഫോർമാറ്റ്

പരിശോധിക്കുന്നതിന് ഡിവിഷൻ ഭാരവാഹികൾ സെക്ഷൻ സന്ദർശിക്കുന്നത് റഫറണ്ടത്തിന് മുന്നോടിയായുള്ള ഒരു പ്രവർത്തനമാകും. പരിശോധിച്ച ഫോർമാറ്റ് ഉടൻ എത്തിക്കുവാനും കൗൺസിൽ തീരുമാനിച്ചു.

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി